(സി) ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരുടെ പക്കലുള്ള 24 കത്തുകളാണ് ലഭിച്ചിട്ടുള്ളത്.

(ഡി) ഈ രേഖകൾ നിലവിൽ റിക്കാർഡ് മാനേജ്മെന്റ് സെക്ഷന്റെ നിയന്ത്രണത്തിൽ പ്രത്യേകമായി ആർക്കിവിസ്റ്റിന്റെ ചുമതലയിൽ സൂക്ഷിച്ചുവരുന്നു.

(ഇ) പുരാരേഖ വകുപ്പിന്റെ കീഴിൽ ഓറൽ ഹിസ്റ്ററി ആർക്കൈവ്സ് പ്രോജക്ടിന് രൂപം നൽകി വരുന്നു. ഈ പ്രോജക്ടിൽ കൂടി കേരളത്തിൽ ഇന്ന് ജീവിച്ചിരിക്കുന്ന പ്രശസ്ത വ്യക്തികളുമായുള്ള അഭിമുഖം റിക്കാർഡ് ചെയ്തു സൂക്ഷിക്കുന്നതിന് വകുപ്പ് ഉദ്ദേശിക്കുന്നു. ഇതിലൂടെ 'വായ്മൊഴി ചരിത്രം' കൂടുതൽ ശക്തിപ്പെടുത്തുന്നതിനും സംരക്ഷിക്കപ്പെടുന്നതിനും വകുപ്പ് ഉദ്ദേശിക്കുന്നു.

വടക്കൻ പാട്ടിനെയും തച്ചോളി തറവാടിനെയും സംരക്ഷിക്കുന്നതിനായി പഠനകേന്ദ്രം

121(810) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വടക്കൻപാട്ടിന്റെയും കളരിയുടെയും നാടായ കടത്തനാടിന്റെ കേന്ദ്രമായ വടകര കേന്ദ്രീകരിച്ച് വടക്കൻ പാട്ടിനെയും തച്ചോളി തറവാടിനെയും സംരക്ഷിച്ച് പരിപാലിച്ച് പോരുന്നതിന് സാംസ്കാരിക വകുപ്പ് ഒരു പ്രത്യേക പഠനകേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

വടക്കൻപാട്ടുകളെക്കുറിച്ച് നിരവധി പഠനങ്ങൾ നടന്നിട്ടുള്ളതും ഗ്രന്ഥങ്ങൾ നിലവിലുള്ളതുമാണ്. എങ്കിലും ഇക്കാര്യത്തിൽ കൂടുതൽ പഠനം ആവശ്യമാണ്. ഇതിനുവേണ്ടി വടക്കൻ പാട്ടുകളടക്കമുള്ള കേരളത്തിലെ നാടൻ പാട്ടുകളെക്കുറിച്ച് ഒരു പഠന ഗവേഷണ കേന്ദ്രം കേരള ഫോക്‌ലോർ അക്കാദമിയിൽ സ്ഥാപിക്കുന്ന കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

കുട്ടികളുടെ സിനിമ നിർമ്മാണത്തിനുള്ള ധനസഹായം

122(811) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി കുട്ടികളുടെ സിനിമ നിർമ്മിച്ച ഏതെങ്കിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നടപടി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) കുട്ടികളുടെ സിനിമ നിർമ്മാണത്തിന് സാംസ്കാരിക വകുപ്പ് എന്തെങ്കിലും ധനസഹായം വാഗ്ദാനം ചെയ്തിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ വിശദാംശം അറിയിക്കുമോ ;

(സി) കണ്ണപുരം ഗ്രാമപഞ്ചായത്തിന് ഇതുസംബന്ധിച്ച് പ്രഖ്യാപിച്ച ധനസഹായം നൽകി കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly